**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

18/12/2014 ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4766

## കാസർകോട് വില്ലേജിൽ ഭൂമി കിട്ടാനുള്ള കുടുംബങ്ങൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാസർകോട് വില്ലേജിൽ ഫയൽ നമ്പർ 10/11 പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഭൂമി കിട്ടാനുള്ളത്; പ്രസ്തുത ഫയൽ തീർപ്പാകാതെ അനന്തമായി നീളുന്നതിന്റെ കാരണമെന്താണ്; | എ) | 5 കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്. ഈ കുടുംബങ്ങൾക്ക് പതിച്ച് കൊടുക്കേണ്ടുന്ന ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലാണ് ഫയൽ തീർപ്പാകാതെ നീളുന്നത്. |
| ബി) | കാസർകോട് കളക്ടറേറ്റിൽ C3-31424/13 നമ്പർ ഫയൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണോ; ഈ ഫയലിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ തീരുമാനത്തിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ അതിനുള്ള കാരണവും വിശദമാക്കുമോ? | ബി) | അതെ. പതിച്ച കൊടുക്കേണ്ടുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതിനാൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തി ഫയൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ